**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **21-06-2024 - ൽ മറുപടിയ്ക്ക്**

**സൈബർ കേസുകളിലെ നിയമപരിരക്ഷയെക്കുറിച്ചുള്ള അവബോധം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് 2020 മുതൽ 2024 വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ കേസുകൾ എത്രയെന്നതിനെ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അത് അറിയിക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് 2020 മുതൽ 2024 (up to 14/06/2024) വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ (IT Act) കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th colspan="5">സംസ്ഥാനത്ത് 2020 മുതൽ 2024 (up to 14/06/2024) വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ (IT Act) കേസ്സുകളുടെ വിവരം</th></tr>
<tr><td>2020</td><td>2021</td><td>2022</td><td>2023</td><td>2024 (UP TO 14.06.2024)</td></tr>
<tr><td>520</td><td>860</td><td>906</td><td>3177</td><td>1571</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>മാനസിക സമ്മർദ്ദം, കേസ് നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ, കേസ് തീർപ്പാക്കാനെടുക്കുന്ന കാലതാമസം എന്നീ കാരണങ്ങളാൽ തട്ടിപ്പിനിരയാകുന്നവർ ഇത്തരം കുറ്റങ്ങൾക്കെതിരെ പരാതി നൽകുവാൻ തയ്യാറാവുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം കേസുകളിലെ നിയമപരിരക്ഷയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;</td><td>(ബി)</td><td>രാജ്യത്താകമാനം ക്രമാതീതമായി സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യമാണ്. ഇന്റർനെറ്റ് സേവനങ്ങൾ വ്യാപകമാകുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്തതോടെ നമ്മുടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്.<br><br>കേരളാ പോലീസിന്റെ കീഴിൽ സൈബർ ഡിവിഷൻ രൂപീകരിക്കുകയും പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24 മണിക്കൂറും സേവനം ലഭ്യമാകുന്ന 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും ചെയ്തതോടെ തട്ടിപ്പിനിരയായവർ പരാതിയുമായി മുന്നോട്ട് വരുന്നത് വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.<br><br>പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളിലൂടെയും പോലീസിന്റെ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിലൂടെയും (വാട്സ്ആപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം) ബോധവൽക്കരണ ക്ലാസുകൾ നടത്തി</td></tr>
</table>

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഡാറ്റ വിശകലനം ചെയ്തതിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് സൈബർ തട്ടിപ്പിന് കൂടുതൽ ഇരയായിട്ടുള്ള വിഭാഗമായ ഡോക്ടർമാർ, എൻജിനീയർമാർ, ഐ.ടി പ്രൊഫഷണലുകൾ, ബാങ്ക് കസ്റ്റമേഴ്സ്, NRI, ബിസിനസ് സമൂഹം എന്നിവരെ കേന്ദ്രീകരിച്ച് അവരുടെ ഗ്രൂപ്പുകളുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കേരള പോലീസിലെ സോഷ്യൽ മീഡിയ സെന്ററിന്റെ കീഴിൽ ഏഴ് ബോധവൽക്കരണ വീഡിയോകൾ നിർമ്മിച്ച് സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലൂടെ പ്രദർശിപ്പിച്ചുവരുന്നു. ജില്ലാ മേധാവികളുടെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും സൈബർ വോളണ്ടിയേഴ്സിനെ രൂപീകരിച്ച്, അവർക്ക് പരിശീലനം നൽകി അവരിലൂടെ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു. |
| (സി) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പിന് ഇരയാകുന്നവർ സമയബന്ധിതമായി പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അവബോധമില്ലാത്തതിനാൽ നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | രാജ്യത്ത് ആകമാനം സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്. കേരളാ പോലീസിന്റെ കീഴിൽ സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24x7 -ലും പ്രവർത്തിക്കുന്ന National Cyber Crime Reporting Portal- ന്റെ 1930 NCRP ഹെൽപ്പ് ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പരാതികൾ ബന്ധപ്പെട്ട ബാങ്കുകളുടെ സഹായത്തോടെ നഷ്ടപ്പെട്ട തുക തിരിച്ച് പിടിക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. എന്നാൽ ഇത്തരം കേസുകളിൽ പരാതിക്കാർ സംഭവം നടന്ന് ഉടനടി റിപ്പോർട്ട് ചെയ്യാത്തതിനാൽ പരാതിക്കാരനിൽ നിന്ന് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കാത്ത സാഹചര്യങ്ങൾ ഉണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കമ്പ്യൂട്ടർ/ഇൻററനെറ്റ് അധിഷ്ഠിതമായി ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്ന ഈ കാലഘട്ടത്തിൽ അതു സംബന്ധിച്ച തട്ടിപ്പുകളും കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ഇത്തരം ചതികളിൽ അകപ്പെടാതിരിക്കാനും സുരക്ഷിതമായി ഇന്റർനെറ്റ് അധിഷ്ഠിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകരമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇത്തരം തട്ടിപ്പിന് ഇരയാകുന്നവർ അടിയന്തിരമായി 1930 എന്ന നമ്പരിൽ വിളിച്ച് NCRP പോർട്ടലിൽ അവരുടെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ